# കേരള കാർഷിക സർവ്വകലാശാല
## പടന്നക്കാട് കാർഷിക കോളേജ്

നം.ജി2-7121/2024 തീയ്യതി: 12.11.2024

<u>ക്വട്ടേഷൻ പരസ്യം</u>

പടന്നക്കാട് കാർഷിക കോളേജിലെ റിവോൾവിംങ് ഫണ്ടിന് കീഴിൽ പ്ലാന്റ് പാത്തോളജി വിഭാഗത്തിലെ ഓർഗാനിക്ക് ഇൻപുട്ട് പ്രോഡക്ഷൻ യൂണിറ്റിലേക്ക് ആവശ്യമായ പച്ചച്ചാണകം കരാർ പ്രകാരം എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ പച്ചച്ചാണകം കോളേജിലേക്ക് എത്തിച്ച് സൗകര്യപ്രദമായ സ്ഥലത്ത് ഇറക്കിത്തരുന്നതിനുള്ള നിരക്ക് വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് – 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് 'പച്ചച്ചാണകം നൽകുന്നതിനുള്ള ക്വട്ടേഷൻ' എന്നെഴുതണം. ക്വട്ടേഷനോടൊപ്പം 1500/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 25.11.2024 ഉച്ചക്ക് ശേഷം 2 മണി വരെയാണ്. അന്നു തന്നെ 2.30 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. ചാണകം ഇറക്കിയതിനുശേഷം ഇൻവോയ്സ് സമർപ്പിക്കുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം ചാണകം ഇറക്കേണ്ടതാണ്. കരാർ നൽകുന്നതു മുതൽ 2025 മാർച്ച് 31വരെ കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.

ക്വട്ടേഷൻ സംബന്ധിച്ച സർക്കാർ / സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ് (ഫോൺ നമ്പർ: 0467 2280616). വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ <u>www.kau.edu/tenders</u>-ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ഒപ്പ്/-
ഡോ.ടി.സജിതാ റാണി
ഡീൻ

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ.സജീഷ് പി.കെ., അസിസ്റ്റന്റ് പ്രൊഫസർ (പ്ലാന്റ് പാത്തോളജി)
7. ഡോ.സൈനമോൾ കുര്യൻ, പ്രൊഫസർ & ഹെഡ് (പ്ലാന്റ് പാത്തോളജി)
8. ഫാം മാനേജർ (IF-I, II)
9. എ2 സെക്ഷൻ

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ